# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അന്തിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി2)1840/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 19/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി2)1840/2023 തീയ്യതി: 19/12/2023

## തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-01-2023 **മുതൽ** 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 **മുതൽ** 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ബേബി.പി.വി,ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ. കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമ വി.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രേഖ.ഇ.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജ്യോതി രാമൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| വർഗ്ഗീസ് സി.എ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിൻസ് ബോയ് ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 27-10-2022 |
| രാജേഷ്.കെ.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 28-10-2022 | 31-03-2023 |
| പ്രതീഷ് വി.എസ്. | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |
| ലക്ഷ്മി മോഹൻ | കൃഷി ഓഫീസർ | 11-10-2022 | 31-03-2023 |
| വാണി എൻ.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| സുശീൽകുമാർ.സി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സുജ കെ.റ്റി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ.വിധുവർമ്മ എസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. പ്രവീൺ ബി വിശ്വനാഥ് | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2022 | 13-04-2022 |
| ഡോ.ദീപ.എം.പി. | മെഡിക്കൽ ഓഫീസർ (ഇൻചാർജ്)) | 14-04-2022 | 14-04-2022 |
| ഡോ.മിനി വി.ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 15-04-2022 | 31-03-2023 |
| ലയ എച്ച് | ഐ.സി.ഡി.എസ് സൂപ്പർ | 01-04-2022 | 18-05-2022 |

| | | | |
|---|---|---|---|
| | വൈസർ | | |
| വസുമതി.കെ.ബി. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 19-05-2022 | 31-03-2023 |
| ഷൈനി പി.വി. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ഷീല ടി.ജി. | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2022 | 25-11-2022 |
| സ്മൃതി വാസുദേവൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 26-11-2022 | 31-01-2023 |
| അനൂപ് സോമൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-02-2023 | 31-03-2023 |
| രജിത എൻ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,അന്തിക്കാട് സർക്കിൾ | 01-04-2022 | 31-03-2023 |
| കാവ്യ ഗോപിനാഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പടിയം സർക്കിൾ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കിൽ മുഴുവൻ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-6 |
| 8 | Directly Credited By Bank”തുകകൾ ക്രമീകരിച്ചില്ല | 1-1-7 |
| 9 | വസ്തു നികുതി റെസിഡൻഷ്യൽ വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തു നികുതി നോൺ റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-10 |
| 12 | ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ച അഡ്വാൻസ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-1-11 |
| 13 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-13 |
| 15 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു | 1-1-15 |
| 17 | ക്ലോസിങ് സ്റ്റോക്ക്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | ഡിപ്രീസിയേഷൻ -വർക് ഷീറ്റ് , ജേണൽ വൗച്ചർ സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-18 |
| 20 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-19 |
| 21 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ഫണ്ട് വിനിയോഗം | 1-3 |
| 24 | പദ്ധതി അവലോകനം | 1-4 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 26 | ക്ഷേമപദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 29 | നികുതി-നികുതിയേതര വരവുകൾ-അവലോകനം | 1-9 |
| 30 | മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു | 1-10 |
| 31 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 32 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുത്തിട്ടില്ല | 1-12 |
| 33 | കരാർ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-13 |
| 34 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിലെ അപാകതകൾ | 1-14 |
| 35 | ഹോംകോ-മരുന്നിന് മുൻകൂർ-മുഴുവൻ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-15 |
| 36 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നു | 1-16 |
| 37 | സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം-മരണശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു | 1-17 |
| 38 | MGNREGS കോൺക്രീറ്റ് പ്രവൃത്തികൾ-കരാറുകാരന് സിമന്റ്, ക്വാറി വേസ്റ്റ് ഇനത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു | 1-18 |
| 39 | പോഷകാഹാര വിതരണക്കാരിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല | 1-19 |
| 40 | ഇ-ടെണ്ടർ ഫീ മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 1-20 |
| 41 | പ്രത്യേക കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് നല്കിയ ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ് | 1-21 |
| 42 | സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം - പരിശീലകന്റെ യോഗ്യത സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-22 |
| 43 | ബയോബിൻ വാങ്ങൽ സ്റ്റോർ പർച്ചേസ് മാന്വൽ മാനദണ്ഡങ്ങൾ പാലിച്ചില്ല | 1-23 |
| 44 | ലൈഫ് ഭവന പദ്ധതി പണി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 45 | ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടില്ല | 1-25 |

| | | |
|---|---|---|
| 46 | മരുന്ന് ലഭ്യമായിട്ടില്ല | 1-26 |
| 47 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി | 1-27 |
| 48 | ക്വട്ടേഷൻ നിലനിൽക്കെ കൂടിയ വിലക്ക് ലാബ് റീ ഏജന്റ് വാങ്ങി | 1-28 |
| 49 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അന്തിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.07.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം:തൃശ്ശൂർ**

**തീയതി: 19.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 വാർഷികകണക്കിൽ മുഴുവൻ വരവ് ചെലവുകളും ഉൾപ്പെട്ടിട്ടില്ല

പ്രോജക്റ്റ് നം.64/23 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി പ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് 100000 രൂപ 21.02.2023 ൽ കൈമാറിയിട്ടുണ്ട്.ബ്ലോക്ക് വിഹിതമായി കാണിക്കേണ്ട മേൽ വരവ് ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.കൂടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,സുലേഖ എന്നിവയിലും മേൽ തുക പ്രതിഫലിച്ചിട്ടില്ല.

## 1-1-2 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച താഴെ പറയുന്ന തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 44/23- CONSTRUCTION OF RAIN WATER DRAIN AT AAL KADAR ROAD | **42200858/ 12.09.2022** | 1166535 | 251130902 Liquid Waste Management - Collection And Transportation | Development Fund - Central Finance Commission Grant - Performance Grant |
| 2 | 80 /23 CONSTRUCTION OF RAIN WATER DITCH AT HOSPITAL ROAD WARD 3 | **422001059/26.03.2023** | 366999 | 251130902 Liquid Waste Management - Collection And Transportation | Development Fund - Central Finance Commission Grant - Performance Grant |

മേൽ തുകകൾ Capital Contribution ശീർഷകത്തിലേക്ക് മാറ്റാത്തതിനാൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുക സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ. 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. 2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution…." ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

**1-1-3 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

**1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | Anthikkad Service Cooperative Bank-818 0001101000061 | 232827 |

മേൽ അക്കൗണ്ട് പരിശോധിച്ച് നീക്കിയിരിപ്പ് തുകകളിൻ മേൽ ഉചിത നടപടി കൈക്കൊള്ളേണ്ടതാണ്.

**1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2023 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2023 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320300103 | Total Sanitation | 1718017 | 450210101 | Kerala Gramin Bank 40320100101893 | 3283453 |
| | 320100198 | Grant From Suchitwa Mission | 278484 | | | |
| | 320100196 | ICDS | 578993 | | | |
| | | ആകെ | 2575494 | | | |
| 3 | 320200104 | CFC Basic Grant | 1151028 | 450210101 | Kerala Gramin Bank 40320101043534 | 3655291 |
| | 320200113 | CFC Tied Grant | 2554825 | | | |
| | | ആകെ | 3705853 | | | |

**1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1750948 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1575695 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-7 Directly Credited By Bank"തുകകൾ ക്രമീകരിച്ചില്ല**

"Directly Credited By Bank" എന്ന ഇനത്തിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| അക്കൗണ്ട് നം/ബാങ്ക് | തീയ്യതി | തുക |
|---|---|---|
| DISTRICT COOPERATIVE BANK , ANTHIKAD( 146212801000648 ) | 31.03.2023 | 1200 |
| | 31.12.2022 | 10000 |
| | Total | **11200** |
| State Bank Of India Kanjani Town( 37197693472 ) | 24.02.2021 | 286 |
| | 18.03.2021 | 1938 |
| | Total | **2224** |

State Bank Of India Kanjani Town( 37197693472 ) അക്കൗണ്ടിൽ "Directly Credited By Bank" ഇനത്തിൽ 2020-21 സാമ്പത്തികവർഷത്തെ തുകകളും ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് മേൽ വരവുകൾ പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷികകണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

**1-1-8 വസ്തു നികുതി റെസിഡൻഷ്യൽ വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള കളക്ഷനും തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ

തയ്യാറാക്കിയ വാർഷിക കണക്കിലെ കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2386097 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 2378548 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) |

**1-1-9 വസ്തു നികുതി നോൺ റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1185264 |
| വാർഷികകണക്കിലെ വിവിധപത്രികകൾ പ്രകാരം | 1185019 (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) |

**1-1-10 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.**

ലൈബ്രറി സെസ്സ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും തൻവർഷം കളക്ഷൻ 188904 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 189902രൂപയാണ്.

(വൗച്ചർ നം.42261106,42261107, 42261108, 42261113, 42261114, 42261115 തീ.31.3.2023)(472+121450+787+7206+59776+211=189902)

**1-1-11 ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ച അഡ്വാൻസ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 7601 രൂപ കാഷ് ആയോ ബാങ്ക് മുഖേനയോ വരവായി ലഭിച്ചതല്ല എന്നും 190100101- Prior Period Income-Property Tax എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42201191 | 31.3.2023 | 2384 |

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42201192 | 31.3.2023 | 5217 |

**1-1-12 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്( ഐ-19) പ്രകാരം "190000000-Prior Period Income" എന്ന ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | -6646 |

**1-1-13 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.

**1-1-14 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽസംക്ഷിപ്തംരേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന്

ഹാജരാക്കിയകൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഫാക്ടറി-വ്യപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4.ലൈബ്രറി വരവ് രജിസ്റ്റർ

5.പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്ററർ

7.ലേലം രജിസ്റ്റർ

**1-1-15 ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ ചെലവ് രേഖപ്പെടുത്തുന്നു**

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500501 – Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | തുക |
|---|---|---|---|
| 10 | സാന്ത്വന പരിചരണം | 251110501 | 150000 |
| 10 | സാന്ത്വന പരിചരണം | 251110501 | 199999 |
| 10 | സാന്ത്വന പരിചരണം | 251110501 | 31677 |

**1-1-16 ക്ലോസിങ് സ്റ്റോക്ക്-രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 46344രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

**1-1-17 ഡിപ്രീസിയേഷൻ -വർക് ഷീറ്റ് , ജേണൽ വൗച്ചർ സൂക്ഷിക്കുന്നില്ല**

ഇൻകം&എക്സ്പെൻഡിച്ചർ പത്രിക പ്രകാരം(I-17A) 9020640 രൂപ ഡിപ്രീയിസേഷൻകണക്കാക്കിയിട്ടുണ്ട് . എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

**1-1-18 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-19 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി**

31/3/2023ലെ ബാലൻസ്ഷീറ്റ് B11 പ്രകാരം Fixed Assets ന് 309025 രൂപ വിലകണക്കാക്കിയിട്ടുണ്ട് . എന്നാൽ ബാലൻസ്ഷീറ്റ് B11 (A)പ്രകാരം ഈ ആസ്തിയുടെ 31/3/2023 ലെ Accumalated Depreciation 992401 രൂപയാണ് . ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കിയിട്ടുണ്ട്.

**1-1-20 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽകൂട്ടിയില്ല**

താഴെ പറയുന്ന കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല.

| ഡെപ്പോസിറ്റ് തീയതി | തുക |
|---|---|
| Contractors EMD/19.05.2018 | 5000 |
| Suppliers EMD/13.02.2017 | 530 |
| Suppliers EMD/13.02.2017 | 530 |
| Suppliers EMD/23.09.2017 | 7500 |
| Suppliers EMD/13.08.2018 | 1500 |
| Suppliers EMD/13.08.2018 | 4000 |
| SuppliersEMD/23.09.2019 | 2500 |
| Bidders SD/08.03.2019 | 200 |
| Bidders SD/08.03.2019 | 200 |
| Bidders EMD/21.09.2018 | 10617 |
| Bidders EMD/27.12.2018 | 200 |
| Bidders EMD/31.01.2019 | 200 |
| Bidders EMD/31.01.2019 | 200 |
| Bidders EMD/31.01.2019 | 200 |
| Bidders EMD/31.01.2019 | 200 |
| Bidders EMD/28.02.2020 | 200 |
| Bidders EMD/28.02.2020 | 200 |
| Bidders EMD/28.02.2020 | 200 |
| Bidders EMD/28.02.2020 | 200 |
| Other Deposit/21.02.2017 | 5000 |
| Suppliers SD/15.07.2016 | 975 |
| Suppliers SD/16.07.2016 | 1100 |
| Suppliers SD/14.10.2016 | 1225 |
| Suppliers SD/10.10.2017 | 5687 |
| Suppliers SD/11.01.2019 | 2500 |

കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം തിരികെ നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികം കാലയളവിൽ അവകാശപ്പെടാത്ത കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ

കൂട്ടേണ്ടതുണ്ട്.ഡെപ്പോസിറ്റുകൾ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ്**

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 23/03/2022 | |
| കമ്മിറ്റിതീരുമാനം | പഞ്ചായത്ത് കമ്മിറ്റി 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 202662922 | 195953000 |
| **റിവൈസ്ഡ്ബജറ്റ്** | | |
| പാസ്സാക്കിയതിയതി കമ്മിറ്റിതീരുമാനം റിവൈസ്ഡ് ബജറ്റ് | 29/03/2023 5(1) | |
| കമ്മിറ്റിതീരുമാനം | പഞ്ചായത്ത് കമ്മിറ്റി 1(1) 29/03/2023 | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 211299382 | 204770000 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14127000 | 14127000 | 12757803 | 1369197* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5975000 | 5975000 | 5574412 | 400588* |
| മെയിന്റനൻസ്, റോഡ് | 0 | 6252000 | 6252000 | 2859013 | 3392987* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 4236654 | 333346* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് - ടൈഡ്) | 2383239 | 3610000 | 5993239 | 3438414 | 2554825** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – അടിസ്ഥാന ഗ്രാന്റ് ) | 590584 | 2558488 (പലിശ 151488 ഉൾപ്പെടെ) | 3149072 | 1998044 | 1151028** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | ഇല്ല | 1774068 | 1774068 | 1533534 | 240534* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | ഇല്ല | 166540 | 166540 | 160643 | 5897* |
| Other Schemes (Agathi Rahitha Keralam) | 0 | 1331015 | 1331015 | 900000 | 431015** |
| Panchayat Yuva Krida Aur Khel Abhiyan | 47 | 0 | 47 | 0 | 47** |
| Vimukthi Grant | 52554 | 0 | 52554 | 0 | 52554** |
| Nirmal Puraskar | 142851 | 0 | 142851 | 0 | 142851** |
| Drought Relief Grant | 33200 | 0 | 33200 | 0 | 33200** |
| Integrated Child Developement Scheme | 279605 | 1416582 | 1696187 | 1117194 | 578993** |
| Literacy Scheme Grant | 7801 | 568(interest) | 8369 | 0 | 8369** |

| | | | | | |
|---|---|---|---|---|---|
| Grant From Suchitwa Mission | 278484 | 108000 | 386484 | 108000 | 278484** |
| Grant For Keralotsavam | 117 | 0 | 117 | 0 | 117** |
| Health Grant | 0 | 321723 | 321723 | 121930 | 199793** |
| Health Grant | 0 | 177921 | 177921 | 127975 | 49946** |
| Fund For Transferred Institutions - Ayurveda | 11256 | 0 | 11256 | 0 | 11256** |
| Fund For Transferred Institutions - Homoeopathy | 0 | 450000 | 450000 | 0 | 450000** |
| Grant For Drinking Water Schemes | 10000 | 0 | 10000 | 0 | 10000** |
| Other Purposes | 25836 | 361901 | 387737 | 60000 | 327737** |
| Total Sanitation | 1635316 | 82701 | 1718017 | 0 | 1718017** |
| **Other Grants, Funds & Contributions For Specific Purposes - Capital** | 15062 | 0 | 15062 | 0 | 15062** |

1)വികസന ഫണ്ട്-ജനറൽ ,എസ്.സി.പി എന്നിവയുടെ വരവ് തുകയിൽഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ Source Deduction ന് മുമ്പുള്ള തുകയല്ല ചേർത്തിരിക്കുന്നത്.
2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 147 | 794372001 | 120 | 38342269 | 48.27% | 81.63% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1254427 | 1254427 | 1254427 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 22369106 | 22369106 | 22369106 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 2754960 | 2754960 | 2754960 | 0 |
| ആകെ | 0 | 26378493 | 26378493 | 26378493 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3541800 | 2281 |
| വിധവാ പെൻഷൻ | 11470800 | 7438 |
| വാർദ്ധക്യകാല പെൻഷൻ | 24737200 | 16667 |
| വികലാംഗ പെൻഷൻ | 2302000 | 1478 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1176400 | 746 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.11.2023 തീയതിയിൽ 3.00 Pm ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7682/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വരവുകൾ-അവലോകനം

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല.

17.10.2022 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനം നം.8 പ്രകാരം വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ നികുതിദായകർക്കും കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് നൽകുന്നതിനും, നികുതി അടവാക്കുന്നതിന് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിന് 13.06.2021 തീയതിയിലെ സ.ഉ. 1133/21/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നോട്ടീസ് വിതരണം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

21.11.2022 തീയതിയിലെ ഭരണസമിതി യോഗ തീരുമാനം നം. 6(1) പ്രകാരം വസ്തുനികുതി പിരിവ് നടത്തുന്നതിന് ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>ബജറ്റും തഥാർത്ഥവരവുമായുള്ള അന്തരം താഴെ ചേർക്കുന്നു</u>

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യ പത്രിക |
|---|---|---|---|
| വസ്തുനികുതി | 53,00,000 | 45,00,000 | 3668241 |
| തൊഴിൽനികുതി | 18,00,000 | 18,00,000 | 1641440 |
| ലൈസൻസ് ഫീസ് | 2,50,000 | 2,50,000 | 253100 |

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

<u>വരുമാന വർദ്ധനവ്</u>

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2314770 | 2391490 | 3.31% | 218 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1180683 | 1276751 | 8.13% | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 237180 | 352340 | 4.8% | |
| തൊഴിൽ നികുതി - ജീവനക്കാർ | 1174230 | 1289100 | 9.7% | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>വസ്തുനികുതി</u>

3.05.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 22/03/2023 ലെ സ.ഉ.(കൈ)നം 77/2023/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് വായിച്ചു റിക്കാർഡാക്കുകയും അതേ തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരവും ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിന്റേയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താത്ക്കാലികമായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്വെയർ അപ്ഡേഷന്റെയും ഡാറ്റാ പ്യൂരിഫിക്കേഷന്റെയും നടപടികൾ സ്വീകരിച്ചു വരുന്നു. 15.6.23 1(1) കമ്മിറ്റി തീരുമാന പ്രകാരം വസ്തുനികുതി പരിഷ്ക്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ നിരക്കിൽ കെട്ടിട നികുതി ഈടാക്കി വരുന്നു.

ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ 13.9.22 ലെ 9/22 തീരുമാനപ്രകാരം കെട്ടിട നമ്പർ ലഭിച്ചതിന് ശേഷം ബിൽഡിങ് ഏരിയ കൂട്ടി എടുത്ത കെട്ടിടങ്ങളെ കണ്ടെത്തി നികുതി പുനർനിർണ്ണയം ചെയ്യുന്നതിന് ഭരണസമിതിയോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. അതെ ദിവസത്തെ 3 (2) തീരുമാനപ്രകാരം നിയമാനുസൃത കെട്ടിട നമ്പർ ഇല്ലാത്തതും നികുതി അടവാക്കാതെയും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി നികുതി വിധേയമാക്കുന്നതിനുമുള്ള നടപടികൾ എടുക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിനും യോഗം തീരുമാനിച്ചിട്ടുണ്ട്

<u>തൊഴിൽനികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

<u>വിനോദനികുതി</u>

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ തീയറ്ററുകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

തദ്ദേശീയ ടൂറിസം വികസനത്തിന് ഒട്ടനവധി സാധ്യതകളുള്ളതിനാൽ പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യം എടുക്കേണ്ടതും തനത് വരുമാന വർദ്ധനവിനും പ്രദേശത്തിന്റെ മൊത്തം വികസനത്തിനും ആവശ്യമായ കാഴ്ചപ്പാടോട് കൂടി പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുമാണ്.

<u>നികുതിയേതര വരവുകൾ</u>

<u>വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും പ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും</u>

ലൈസൻസ്

8.7.23 ലെ ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.
ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല എന്നതിനാൽ പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല.

കമ്മ്യൂണിറ്റി ഹാൾ

നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ പൊളിച്ച് പണിയുന്നതിന് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇതുവരെ പൂർത്തിയായിട്ടില്ല. പുതിയ കമ്മ്യൂണിറ്റി ഹാൾ ഇരുനിലകളിലായി ഹാളും, ഇൻഡോർ സ്റ്റേഡിയവും, അണ്ടർ ഗ്രൗണ്ട് പാർക്കിംഗും, വ്യാപാര സ്ഥാപനങ്ങളും കൂടിയാണ് പഞ്ചായത്ത് വിഭാവനം ചെയ്യുന്നത്. കമ്മ്യൂണിറ്റി ഹാൾ പൂർത്തിയാവുന്നതോടു കൂടി പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്.

## 1-10 മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു

തൻവർഷം ലഭിച്ച് അപേക്ഷകളിൽ പലതിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ | ലൈസൻസ് നം. |
|---|---|
| തണ്ണികാവിൽ കയർ ഫാക്ടറി, 1/ 7 | Jc4-1996/22 |
| കെ.പി.വി. സ്റ്റോഴ്സ്, 5/175 | Jc4-3075/22 |
| H. D. ഇന്റീരിയർ, 1/234 | Jc4-3292/22 |
| ക്വിക്ക് ടൈം കോമ്മൺ സർവീസ് സെന്റർ, 5/176 | Jc4-3827/22 |
| ശ്രീജി ഐസ്ക്രീം, 11/23 എ | Jc4-1622/22 |
| പള്ളിയേമാക്കൽ സ്റ്റോഴ്സ്, 3/376സി | Jc4-1178 /22 |

മേൽസൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മറ്റ് ഭൂരിപക്ഷം അപേക്ഷകളും ഇതേ അവസ്ഥയിൽ തന്നെയാണ് ഉള്ളത്. ഇപ്രകാരം മൂലധന നിക്ഷേപം രേഖപ്പെടുത്താതെയും ആയത് പരിശോധന നടത്തി ഉറപ്പിക്കാതെയും ലൈസൻസുകൾ നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഫീസ് ഇനത്തിൽ വ്യത്യാസം സംഭവിക്കുന്നു. കൂടാതെ വലിയ സ്ഥാപനങ്ങൾക്കും ചെറിയ സ്ഥാപനങ്ങൾക്കും ഒരേ ഫീസ് ഈടാക്കുന്നത് ചട്ടവിരുദ്ധമാണ്. ആയതിനാൽ അപേക്ഷകളിൽ മൂലധനം കൃത്യമായി രേഖപ്പെടുത്തുകയും ലൈസൻസ് ഫീസ് ചട്ടങ്ങളിലെ പട്ടിക II (31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയത്) പ്രകാരമുള്ള ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.17 തീ.14.11.2023, മറുപടി ലഭ്യമാക്കിയില്ല)

## 1-11 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി സ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ)) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, കേരള പഞ്ചായത്ത് രാജ് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും, അയ്യായിരം രൂപ വരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.
എന്നാൽ തൻ വർഷത്തെ പാരാമെഡിക്കൽ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| കെട്ടിട നമ്പർ | സ്ഥാപനം |
|---|---|
| 7/269 | പാദുവ ആശുപത്രി |
| 7/234 A | ലാബ് സെൻട്രൽ ക്ലിനിക് ലബോറട്ടറി |
| 13/52 എ, ബി | ഹെൽത്ത് കെയർ ലബോറട്ടറി |
| 8/308, 309 | കൃഷ്ണ ഹോമിയോപതിക് ക്ലിനിക്ക് |

പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൻമേൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.19 തീ. 14.11.2023, മറുപടി ലഭ്യമാക്കിയില്ല).

## 1-12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുത്തിട്ടില്ല

2012 ലെ കേരള പഞ്ചായത്ത്രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ
(2) ആട് ഫാം : 20 മൃഗങ്ങൾ
(3) പന്നി ഫാം : 5 മൃഗങ്ങൾ
(4) മുയൽ ഫാം : 25 മൃഗങ്ങൾ
(5) പൗൾട്രി ഫാം : 100 പക്ഷികൾ

1. അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.
വെറ്ററിനറി ഡോക്ടർ ലഭ്യമാക്കിയ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരകർഷകരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കന്നുകാലികളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | സജിത്ത് കൊല്ലാറ | 5 |
| 2 | സുനിൽ അറക്കൽ | 13 |
| 3 | ഉണ്ണികൃഷ്ണൻ മണിക്കത്ത് | 5 |
| 4 | സന്തോഷ് നടുപറമ്പിൽ | 7 |
| 5 | പ്രദീപ് കൊച്ചത്ത് | 5 |
| 6 | വിൻസൺ തട്ടിൽ | 7 |
| 7 | ശ്രീനിവാസൻ വലിയപുരക്കൽ | 5 |
| 8 | സുരേഷ് കൊച്ചത്ത് | 7 |
| 9 | താജുദ്ധീൻ മമ്മസ്റിലാത്ത | 5 |
| 10 | ശ്രീലത കളപ്പുരക്കൽ | 5 |
| 11 | സുരേന്ദ്രൻ മേനോത്തുപറമ്പിൽ | 5 |
| 12 | രാജു കല്ലാട്ട് | 5 |
| 13 | ഷൈൻ നൊച്ചിയിൽ | 5 |
| 14 | നാസർ പതിപരമ്പത്ത് | 5 |
| 15 | നന്ദൻ താണ്ടിയെക്കാൾ | 5 |
| 16 | അനിരുദ്ധൻ മുക്കപ്പുഴ | 5 |
| 17 | അബ്ദുൾ ഖാദർ കൊടപ്പുള്ളി | 10 |
| 18 | ഷാജിൽ തൈവളപ്പിൽ | 5 |
| 19 | വിജയൻ നടപറമ്പിൽ | 12 |
| 20 | ഷാജി മാമ്പുള്ളി | 10 |
| 21 | അരുണൻ തൈവളപ്പിൽ | 5 |
| 22 | ജയദേവൻ കൊച്ചത്ത് | 8 |
| 23 | രാമചന്ദ്രൻ ചോനാട്ട് | 5 |

മേൽ സൂചിപ്പിച്ച കർഷകരെ ലൈസൻസ് പരിധിയിൽ കൊണ്ട് വരാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ്.
2. പഞ്ചായത്തിൽ നിന്ന് FACTEOS ലൈസൻസ് നേടിയ താഴെ പറയുന്ന സ്ഥാപനം ലൈവ്സ്റ്റോക്ക് ഫാമിന് ലൈസൻസ് എടുത്തിട്ടില്ല.
അന്തിക്കാട് പൗൾട്രി ഫാം (FACTEOS ലൈസൻസ് നം.10/108)
ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൻമേൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.22 തീ.14.11.2023,മറുപടി ലഭ്യമാക്കിയില്ല).

## 1-13 കരാർ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2022-23 ലെ തൊഴിൽ നികുതി രജിസ്റ്ററും അസി. എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്ററും പരിശോധിച്ചതു പ്രകാരം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട താഴെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | ബിജു കെ. ഡി. |
| 2 | വിനോദ് പി. |
| 3 | സരിൻ ഒ. എസ്. |
| 4 | സെബാസ്റ്റ്യൻ എം. ടി. |
| 5 | വിനോദ് എം. നായർ |
| 6 | അനിൽ കുമാർ വി. കെ. |
| 7 | ആശിഷ് കെ. എൽ. |
| 8 | ശരത് വി. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/10.11.23) മറുപടിയായി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് വിവരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിലെ അപാകതകൾ

202223 ലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കല്ലാറ്റുപുഴ ഹോളോബ്രിക്ക്സ്, പടിയം | 4 |
| 2 | മഹാത്മാ കമ്മ്യൂണിക്കേഷൻ 3/376 J | 5 |
| 3 | പ്രധാൻ മന്ത്രി ജൻ ഔഷധി പുത്തൻവീട് 7/441 | 4 |
| 4 | സുധ എൻജിനീയറിങ് വർക്സ് 3/ 183 | 4 |
| 5 | തണ്ണിക്കവിൽ കയർ പ്രോഡക്ടസ് 1/7 | 4 |
| 6 | കിക്ക് ബ്രൈറ്റ് ലോൺഡ്രി 6/39 എ | 4 |
| 7 | ആൽഫാ പാലിയേറ്റിവ് കെയർ 5/376 ബി | 6 |

| | | |
|---|---|---|
| 8 | ഹാപ്പി സ്ക്രാപ്പ് 14/233, 234 | 8 |
| 9. | ബി. ബി. ക്യ. നേഷൻ 4/372 എ | 5 |
| 10. | തണ്ടിയെക്കാൾ ഫുഡ്സ് 3/376 ബി | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:8/ 9.11.23) തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്</u>

താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ 2022-23 ലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | ഓഡിറ്റ് അന്വേഷണ (നമ്പർ 5: 09-11-2023) ത്തിന് നൽകിയ മറുപടി |
|---|---|---|---|---|---|
| 1. | ചന്ദ്രിക എൻ.കെ., പി.ടി.എസ്. താലൂക്ക് ചെത്ത് തൊഴിലാളി, MPCB ലിമിറ്റഡ്, അന്തിക്കാട് | 1,33,920 /- | 1000/- ഒന്നാം അർദ്ധ വർഷം | 1250/- | തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഹോംകോ-മരുന്നിന് മുൻകൂർ-മുഴുവൻ മരുന്ന് ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ചെലവിന്റെ വിവരങ്ങൾ | ശീർഷകം | ഫണ്ട് |
|---|---|---|---|---|---|---|
| 17/23-ഹോമിയോ ഡിസ്പെൻസറിയിയ്ക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ (അടങ്കൽ -3,00,000) | 42200907 | 14-12-2022 | 3,00,000 | ഹോംകോയിൽ നിന്നും ലഭിച്ച പ്രഫോർമ ഇൻവോയ്സ് PF-970 തീയ്യതി 6.12.2022 പ്രകാരം നല്കിയത്. | 251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions | മെയിന്റനൻസ് ഗ്രാന്റ് - (നോൺ റോഡ്) |

1. ഇതിൽ ഇൻവോയ്സ് നമ്പർ എൽ.എഫ്-942 തീ. 10/8/23 പ്രകാരം 1,76,315 രൂപയുടെ മരുന്ന് സപ്ലൈ ചെയ്തിട്ടുള്ളതാണ്. ബാക്കി 1,23,685 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
2. മരുന്ന് ലഭ്യമാക്കുന്നതിന് 300000 രൂപ ഹോംകോയ്ക്ക് മുൻകൂർ നല്കിയെങ്കിലും 31/3/23 തീയ്യതിയിലെ കണക്ക് പ്രകാരം മരുന്ന് ഒന്നും സപ്ലൈ ചെയ്തിട്ടില്ലാത്തതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിനുള്ള തുക സ്ഥാപനത്തിന് മുൻകൂർ ആയി നല്കിയതാണെങ്കിലും മരുന്ന് ലഭ്യമായതായാണ് വാർഷികകണക്കിലെ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുക അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. 31/3/23 വരെ മരുന്ന് വിതരണം ചെയ്തിട്ടില്ലാത്തതും നാളിതുവരെ പൂർണമായും മരുന്ന് ലഭ്യമായിട്ടില്ലാത്തതുമാണ്. വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയതിനാലും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് സാധിക്കുന്നതല്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 16(3) പ്രകാരം തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം അറിയിക്കാത്തതാണ് മേൽ പ്രകാരം കണക്കിൽ തെറ്റായി ബുക്ക് ചെയ്യപ്പെടുന്നതിന് കാരണം. ക്രമ നം. 1 ന് നിർവ്വഹണോദ്യോഗസ്ഥനും 2 ന് പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നു

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ. 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിനോടൊപ്പമുള്ള ലിസ്റ്റിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | പെൻഷൻ വിതരണം തുടങ്ങിയ തീയതി |
|---|---|---|---|
| 1 | സരോജിനി | 107600201879 | 1.11.2016 |
| 2 | വള്ളിയമ്മ | 107600201899 | 1.12.2016 |
| 3 | അരവിന്ദാക്ഷപണിക്കർ വി. | 107600201961 | 1.2.2017 |
| 4 | കെ.ഡി. കൗസല്യ | 107600500032 | 1.12.2005 |
| 5 | രമണി വി. എസ്. | 107600601139 | 1.9.2016 |
| 6 | മിഥുല കെ. എച് | 107600601287 | 2.3.2020 |

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്ന് അനർഹമായ കാലയളവിൽ നൽകിയ തുക തിരിച്ചു പിടിക്കാൻ തുടർ നടപടികൾ സ്വീകരിക്കുകയും ആയത് തിരിച്ചു പിടിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം-മരണശേഷവും പെൻഷൻ വിതരണം നടത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറിലും **2022-23** വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകളിലേക്ക് എന്റോൾമെന്റ് നടത്തുക മരണം സംഭവിച്ചവരെ, അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം.-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് ആക്ടീവ് ആയി തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പരിശോധനയിൽ കണ്ടെത്തിയ മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അനർഹമായി പെൻഷൻ തുകയായ 1600/- വീതം വിതരണം ചെയ്തതിന്റെയും ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണ സർട്ടിഫിക്കറ്റ് പ്രകാരം രജിസ്ട്രേഷൻ നമ്പർ/മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (മാസം 1600/- വീതം) |
|---|---|---|---|---|---|---|
| 1 | മോഹനൻ പി. | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 107600200702 | 55/23 28.4.23 | 12/22 മുതൽ 2/23 വരെ നൽകി | 4,800/- |
| 2 | ബീവാത്തു | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) ആക്ടീവ് | 107600202404 | 14/ 23 9.1.23 | 2/23 മുതൽ 6/23 വരെ നൽകി | 8,000/- |
| | | | | | | |
| അനർഹമായ കാലയളവിൽ വിതരണം ചെയ്ത ആകെ തുക | | | | | | 12,800/- |

അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻവർഷം അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ മരണമടഞ്ഞ മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും വിശദംശങ്ങൾ പരിശോധിച്ചു അനർഹമായി പെൻഷൻ നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അടക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23/14.11.2023)

## 1-18 MGNREGS കോൺക്രീറ്റ് പ്രവൃത്തികൾ-കരാറുകാരന് സിമന്റ്, ക്വാറി വേസ്റ്റ് ഇനത്തിൽ മാർക്കറ്റ് വിലയേക്കാൾ അധികം തുക അനുവദിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് പാക്കറ്റിന് ₹ 630 രൂപയാണെന്നും, എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പാക്കറ്റിന് ₹430-ൽ താഴെയാണെന്നതിനാലും, പാക്ക്ഡ് കമ്മോഡിറ്റിയായ സിമന്റിന് പാക്കറ്റിൽ രേഖപ്പെടുത്തിയ പരമാവധി തുകയേക്കാൾ അധികം നല്കി വാങ്ങാനാവില്ലെന്നതിനാലും, സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ എടുക്കുന്ന കരാറുകാരൻ, സിമന്റ് വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ, നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രം അനുവദിക്കേണ്ടതാണെന്നും, ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% GST TDS ഈടാക്കി ശേഷം മാത്രം ബാക്കി തുക FTO ആയി നല്കേണ്ടതാണെന്നുള്ള കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു നല്കുകയുണ്ടായി. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽമേൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. കരാറുകാരൻ വിതരണം ചെയ്ത സിമന്റിന്റെ ബ്രാന്റ് പേര്, യൂണിറ്റ് നിരക്ക് പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയ GST ബിൽ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

2022-23 വർഷം ഗ്രാമപഞ്ചായത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ക്വാറി വേസ്റ്റിന് ക്യൂബിക്ക് മീറ്ററിന് ₹940 രൂപയാണ് (Over Head Charges, Contractors Profit, Cost Index ഉൾപ്പെടെ) അനുവദിച്ചിട്ടുള്ളത്. എന്നാൽ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹1500 രൂപയാണ് അനുവദിച്ചു നല്കിയിട്ടുള്ളത്. ഈ ഇനത്തിന് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നല്കിയതിനേക്കാൾ 37% ൽ അധികം വരുന്ന തുകയാണ് അനുവദിച്ചിരിക്കുന്നത്. സിമന്റിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ മെട്രിക് ടണിന് ₹7617.3 (Over Head Charges, Contractors Profit,Cost Index ഉൾപ്പെടെ) നല്കിയപ്പോൾ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹11520 രൂപയാണ്

അനുവദിച്ചു നല്കിയിട്ടുള്ളത്. ഈ ഇനത്തിന് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നല്കിയതിനേക്കാൾ 33% ൽ അധികം വരുന്ന തുകയാണ് അനുവദിച്ചിരിക്കുന്നത്. പരിശോധനാ വിധേയമാക്കിയ രണ്ട് പ്രവൃത്തികളിൽ സിമന്റിനും, ക്വാറി വേസ്റ്റിനും, പ്രൈസ് സോഫ്റ്റ് വെയറിന്റെ (DSR നിരക്ക്) അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന തുകയും, ഈ ഇനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അനുവദിച്ച തുകയും സംബന്ധിച്ച താരതമ്യവും, അധികം അനുവദിച്ച തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | കരാറുകാരന്റെ പേരു വിവരം | ക്വാറി വേസ്റ്റ് അളവ് $M^3$ | ക്വാറി വേസ്റ്റ് @₹1500/$M^3$ പ്രകാരം അനുവദിച്ച തുക(തൊഴിലുറപ്പ് പദ്ധതി) | ക്വാറി വേസ്റ്റ് ക്യൂബിക്ക് മീറ്ററിന് ₹940 പ്രകാരമുള്ള തുക(പ്രൈസ് പ്രകാരം) | ക്വാറി വേസ്റ്റ് അധികമനുവദിച്ച തുക | സിമന്റ് അളവ് Tonne | സിമന്റ് ടണ്ണിന് ₹11520 പ്രകാരം അനുവദിച്ച തുക(തൊഴിലുറപ്പ് പദ്ധതി) | സിമന്റ് ടണ്ണിന് ₹7617.3 പ്രകാരം അനുവദിച്ച തുക(പ്രൈസ് പ്രകാരം) | സിമന്റ് ഇനത്തിൽ അധിക അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|
| 1 | ബാലവാടി ലിങ്ക് റോഡ് നിർമ്മാണം | റെജിൽ.എൻ.സി. നടൂപറമ്പിൽ ഹൗസ് | 24.41 | 36615 | 22945.4 | 13669.6 | 12.18 | 140313 | 92778.75 | 47534.25 |
| 2 | വാർഡ് 3 ലെ വില്ല പരിസരത്തെ റോഡ് നിർമ്മാണം | റെജിൽ.എൻ.സി. നടൂപറമ്പിൽ ഹൗസ് | 33.45 | 50175 | 31443 | 18732 | 11.89 | 136972.8 | 90569.69 | 46403.1 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ നിർദ്ദേശത്തിനും, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിലെ നിർദ്ദേശത്തിനും വിരുദ്ധമായി മേൽ പട്ടികപ്പെടുത്തിയ പ്രവൃത്തികളിൽ അധിക തുക അനുവദിക്കുന്നതിനുണ്ടായ കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ 16/13.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയിലെ എല്ലാ പ്രവർത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് Secure സോഫ്റ്റ് വെയർ മുഖേനയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ക്വാറി വേയ്സ്റ്റിന് ക്യൂബിക് മീറ്ററിന് 1500 രൂപയും ,സിമെന്റ് ടണ്ണിന് 11520 രൂപയുമാണ് Secure സോഫ്റ്റ് വെയറിൽ ഉള്ളത്. ഈ നിരക്കിൽ മാറ്റം വരുത്താനുള്ള അധികാരപരിധി ഗ്രാമപഞ്ചായത്ത് തലത്തിൽ ഇല്ലെന്നും ഈ വിവരം സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽ കൊണ്ടു വന്ന് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയിലെ എല്ലാ സാമ്പത്തിക ഇടപാടുകളും എം ഐ എസ് മുഖേനയാണ് നടത്തുന്നത്. ജി എസ് ടി ടിഡിഎസ് കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതും എൻ.ഐ.സി ന്യൂഡൽഹിയുടെ സജീവ പരിഗണനയിൽ ഉള്ളതുമാണ്. ഓരോ പ്രവൃത്തിയുടെയും ബില്ല് പാസ്സാക്കുമ്പോൾ 2% ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയ ശേഷം മാത്രം ബാക്കി തുക എഫ്.ടി.ഒ ആയി നൽകാനുള്ള സംവിധാനം ഇല്ലാത്തതിനാലാണ് അത് ഈടാക്കാതിരുന്നത്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട മെറ്റീരിയൽ സപ്ലൈയറിൽ നിന്നും 2% ജി.എസ്.ടി, ടി.ഡി.എസ് തിരിച്ചടയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്നുള്ള പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുമ്പോൾ പാക്ക്ഡ് കമോഡിറ്റിയായ സിമെന്റിന്റെ ബ്രാന്റ്, പേര്, പായ്ക്കറ്റുകളുടെ എണ്ണം എന്നിവ പരിശോധിച്ച് മാത്രമെ ബില്ല് സ്വീകരിക്കുകയുള്ളൂ എന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്.

MGNREGS മിഷൻ ഡയറക്ടറുടെയും, ഓംബുഡ്സ്മാന്റെയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കരാറുകാരന് അധിക തുക അനുവദിച്ചത് പൊതു പണത്തിന്റെ ദുരുപയോഗമാണ്. മേൽ കാര്യങ്ങളിൽ വിശദമായ പരിശോധനയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പോഷകാഹാര വിതരണക്കാരിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 19/23 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ), 20/23 അനുപൂരക പോഷകാഹാര പദ്ധതി (എസ്.സി) എന്നീ പ്രോജക്ടുകളിൽ അമൃതം ഫുഡ് സപ്ലിമെന്റ്, മിനി ഇന്ററസ്ട്രിയൽ എസ്റ്റേറ്റ്, എളവള്ളി സൗത്ത് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ് 2.5% CGSTയും, 2.5% SGSTയും നൽകി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം. | ഉൽപ്പന്നം | ഇൻവോയ്സ് നം. | തീയതി | തുക | CGST@ 2.5% | SGST @ 2.5% | |
|---|---|---|---|---|---|---|---|
| 1 | അമൃതം | 528 | 2.09.22 | 61250 | 1531.25 | 1531.25 | 42200929/ 31.12.2022 |
| 2 | അമൃതം | 509 | 5.08.22 | 66570 | 1664.25 | 1664.25 | 42200906/ 13.12.2022 |
| 3 | അമൃതം | 547 | 1.10.22 | 59220 | 1480.5 | 1480.5 | 4221000/ 28.2.2023 |
| 4 | അമൃതം | 586 | 12.11.22 | 64190 | 1604.75 | 1604.75 | ,, |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടി.ഡി.എസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരവും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, മിനി ഇന്ററസ്ട്രിയൽ എസ്റ്റേറ്റ്, എളവള്ളി സൗത്ത് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ് ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി രജിസ്ട്രേഷൻ ഇതുവരെയും എടുക്കാത്തതിനാലാണ് ടി.ഡി.എസ് പിടിക്കാതിരുന്നതെന്നും, മേലിൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്ത് ടി.ഡി.എസ് പിടിക്കുന്നതാണെന്ന് അറിയിച്ചിട്ടുമുണ്ട്.

തുടർവർഷങ്ങളിൽ തുക അനുവദിക്കുമ്പോൾ നിയമാനുസൃത ജി.എസ്.റ്റി, ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/14.11.2023)

**1-20 ഇ-ടെണ്ടർ ഫീ മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല**

A) 2022-23 വർഷത്തിൽ 22 ഇ-ടെണ്ടറുകളിലായി മൊത്തം 66927/– രൂപ അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ 52257/- രൂപ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ബാക്കി തുക പഞ്ചായത്തിന് കൈമാറിയിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുക എത്രയും വേഗം കൈമാറേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

B) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഇ-ടെണ്ടർ ഫീ ഇനത്തിൽ 2014 മുതൽ 2019 വരെയുള്ള തുക272168/ - രൂപ ഇനിയും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. മേൽ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.4 തീ. 09.11.2023)

**1-21 പ്രത്യേക കന്നുകുട്ടി പരിപാലനം-പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് നല്കിയ ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ -129/23, പ്രത്യേക കന്നുകുട്ടി പരിപാലനം എസ്.സി – വനിത
അടങ്കൽ – 125000 (വികസന ഫണ്ട് – SCP) + 125000 (മറ്റുള്ളവ)

പ്രോജക്ട് നമ്പർ -121/23, പ്രത്യേക കന്നുകുട്ടി പരിപാലനം വനിത
അടങ്കൽ – 200000 (വികസനഫണ്ട്-ജനറൽ) + 200000 ബ്ലോക്ക് വിഹിതം + മറ്റുള്ളവ – 400000

ചെലവഴിച്ച തുക

Vr.No.42201009.Dtd.4.3.23. 12500/ - (Scp)

Vr.No.42200970.Dtd.7.2.23. 62500/ - (Scp)

Vr.No.42200978.Dtd. 1.3.23. 200000/ - (ജനറൽ)

Vr.No.42200967. Dtd.7.2.23. 200000/ - (ബ്ലോക്ക് വിഹിതം)

Scp പ്രോജക്ടിൽ ഗുണഭോക്താവ് ഒന്നിന് 12500/- രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 6 ഗുണഭോക്താക്കൾക്ക് 75000/- രൂപയും ജനറൽ പ്രോജക്ടിൽ 32 ഗുണഭോക്താക്കൾക്ക് 400000/- രൂപയും SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് മുൻകൂറായി നല്കിയിട്ടുണ്ട്. അന്തിക്കാട് ക്ഷീര സംഘം മുഖേനയാണ് കാലി തീറ്റ വിതരണം നടത്തി കൊണ്ടിരിക്കുന്നത്. 23.3.23.മുതൽ 12.10.23 വരെ കാലിതീറ്റ വിതരണം ചെയ്തതായി കാലിതീറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.രജിസ്റ്ററിൽ രേഖപ്പെടുത്തിയ ക്രമ നമ്പർ 31 ദിത്യ കല്ലാറ്റ് എന്നയാൾക്ക് 11/ 23 മുതൽ കാലിതീറ്റ വേണ്ട എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നമ്പർ 36. ശാന്തി ചെമ്പകശ്ശേരി എന്നയാളുടെ പശു ചത്തു പോയി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ടിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ള ആനുകൂല്യം SLBP യിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതും, പ്രൊജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.9 തീ.10.11.2023)

**1-22 സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം - പരിശീലകന്റെ യോഗ്യത സാക്ഷ്യപത്രം ഹാജരാക്കിയില്ല**

പ്രോജക്ട് നമ്പർ - 53/23.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. പുത്തൻപീടിക.
അടങ്കൽ – 100000 (വികസന ഫണ്ട് ജനറൽ)

ചെലവഴിച്ച തുക Vr.No.42200985. Dtd.20.2.23. 100000/ -

മേൽ പ്രോജക്ടിൽ 45 കുട്ടികൾക്ക് ജൂഡോ പരിശീലനം നല്കിയതിന് 12000/ - (2*6000 =12000/ -) K.C.ഷൈനൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ പരിശീലനം നൽകുന്നതിനുള്ള യോഗ്യത സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 45 വിദ്യാർത്ഥികൾക്ക് ജേഴ്സി, ട്രാക്ക് സ്യൂട്ട്, ഷോർട്ട്സ് എന്നിവ വാങ്ങി നൽകിയതിന് സൺ സ്പോർട്സ് വെയർ, തൃശൂർ എന്ന സ്ഥാപനത്തിന് 64262/ - രൂപയും, കുട്ടികൾക്ക് ഭക്ഷണം വാങ്ങി നല്കിയതിന് 23738/ - രൂപയും ഉൾപ്പെടെ മൊത്തം 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 17.10.22 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1 (1) പ്രകാരം 31 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ 45 പേർക്ക് പരിശീലനം നൽകുകയും അവർക്കായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.2/9.11.23. നുള്ള മറുപടിയിൽ 45 വിദ്യാർത്ഥികളുടെ ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിയിൽ വെച്ച് അംഗീകാരം വാങ്ങി പ്രോജക്ടിനോടൊപ്പം ചേർത്തു വെയ്ക്കാം എന്ന് അറിയിച്ചിട്ടുണ്ട്. പരിശീലകന്റെ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവ് തുക 12000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-23 ബയോബിൻ വാങ്ങൽ സ്റ്റോർ പർച്ചേസ് മാനവൽ മാനദണ്ഡങ്ങൾ പാലിച്ചില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
പ്രൊജക്റ്റ് നം./പേര് :98/23, ശുചിപൂർണ്ണ ബയോബിൻ
അടങ്കൽ തുക : 528855 (ധനകാര്യ കമ്മീഷൻ അവാർഡ്) + 597 (തനത് ഫണ്ട്) + 58828 (മറ്റുള്ളവ)

ചെലവ് തുക :570899/-(വൗച്ചർ നം.42200800/25.03.2023 Rs.57109/-

42200783/21.03.2023 Rs.513790/-)

മേൽ പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി 191 യൂണിറ്റ് ബയോബിൻ വാങ്ങുന്നതിനായി GeM മുഖേന ഓൺലൈൻ ബിഡിംഗ് ക്ഷണിക്കുകയും ആയതിൽ പങ്കെടുത്ത ഏക കമ്പനിയായ 'RAIDCO KERALA Ltd' എന്ന സ്ഥാപനത്തിന്റെ നിരക്ക് (യൂണിറ്റിന് 2989 രൂപ നിരക്കിൽ GST ഉൾപ്പെടെ ആകെ 570899/-രൂപ) അംഗീകരിക്കുകയും ചെയ്തു (ഭരണസമിതി തീരുമാനം 2(2). തീ23.022023).

സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 19.3(സ.ഉ(പി)നം.02/2018/എസ്.പി.ഡി തീ.28.04.2018 കൂട്ടിച്ചേർക്കൽ) പ്രകാരം 5ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് GeM ൽ ലഭ്യമായ ഓൺലൈൻ ബിഡിംഗ്,ഓൺലൈൻ റിവേഴ്സ് ഓക്ഷൻ സംവിധാനം ഉപയോഗിച്ച് ബിഡുകൾ ലഭ്യമാക്കി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാരനിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ 5ലക്ഷത്തിന് മുകളിലുള്ള ബയോബിൻ വാങ്ങുന്നതിനായി മേൽ ഉത്തരവ് പാലിച്ചിട്ടില്ല.മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീ.14/1/2023) മറുപടി നൽകിയിട്ടുണ്ട്. 'RAIDCO KERALA Ltd'

ശുചിത്വമിഷന്റെ അംഗീകാരമുള്ള സ്ഥാപനമായതിനാലും പ്രൊജക്റ്റ് സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാലുമാണ് മേൽ ടെണ്ടർ അംഗീകരിച്ചതെന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.സ്റ്റോർ പർച്ചേസ് മാന്വൽ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് വാങ്ങലുകൾ നടത്താൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്

**1-24 ലൈഫ് ഭവന പദ്ധതി പണി പൂർത്തീകരിച്ചിട്ടില്ല**

ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 വർഷം കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ച താഴെപ്പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വി.ഇ.ഒ (സർക്കിൾ) | പദ്ധതി | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക | തീയ്യതി |
|---|---|---|---|---|
| അന്തിക്കാട് സർക്കിൾ | 34/23ലൈഫ് ഭവന നിർമ്മാണം (എസ്.സി) | അശ്വതി സുരേഷ് പാത്രത്ത് വീട് വാർഡ്-12 | 40000 വികസനഫണ്ട് (SCP) | 22.02.2022 |
| | | | 160000 വികസനഫണ്ട് (SCP) | 21.03.2022 |
| | | | 102000 (ബ്ലോക്ക് വിഹിതം) വൗച്ചർ നം.42200888 തീ.23.11.2022 | 23.11.2022 |

30.09.2023 ലെ ഭരണസമിതി തീരുമാനം നം.10(1) പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു. ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് ഗുണഭോക്താവ് അറിയിച്ചതായും ഗുണഭോക്താവിന്റെ ഭർത്താവിന് ഹൃദയ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ വേണ്ടി വന്നതിനാലാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീ.14.11.2023) മറുപടി നൽകിയിട്ടുണ്ട്.നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | SO 131/23 |
| പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | വികസന ഫണ്ട്-പൊതുവിഭാഗം |
| ചെലവ് | 50000 (വൗച്ചർ നം. 42200937/10.1023) |

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും ഒരു കുട്ടിയ്ക്ക് 50000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കുവേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മുടക്കം കൂടാതെ നല്കുന്നതാണ് ഈ പ്രൊജക്റ്റ്.പഞ്ചായത്ത് നടപ്പാക്കിയ തൻവർഷത്തെ ഈ പ്രൊജക്റ്റിൽ ജിലിൻ ജോസഫ്, പുത്തൂർ ഐനിക്കൽ ഹൗസ് എന്ന കുട്ടി മാത്രമാണ് ഗുണഭോക്താവായുള്ളത്. ടിയാന് ആനുകൂല്യം ലഭ്യമാക്കുന്നതിനായി 50000 രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നല്കിയിട്ടുണ്ട്. (വൗച്ചർ നം. 42200937/10.1023) ഗുണഭോക്താവിന് തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (18/14.11.23) യ്ക്ക് മറുപടി നല്കിയിട്ടുണ്ട്. തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ടെന്നും, എന്നാൽ ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്നുമാണ് മറുപടി അറിയിച്ചിട്ടുള്ളത്.

ഗുണഭോക്താവിന് കാലതാമസം കൂടാതെ ആനുകൂല്യം ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 മരുന്ന് ലഭ്യമായിട്ടില്ല**

പ്രൊജക്റ്റ് നം.10/23 സാന്ത്വനപരിചരണം
നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
അടങ്കൽ തുക :850000/- ചെലവ്:810006/-

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്നുകൾ വിതരണം ചെയ്യുന്നതിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക | പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 42200995 | 24.02.2023 | 150000 | PRF 4640/21.02.2023 | ബ്ലോക്ക്പഞ്ചായത്ത് വിഹിതം |
| 2 | 42201016 | 09.03.2023 | 199999 | PRF 4641/21.02.2023 | ജില്ലാപഞ്ചായത്ത് വിഹിതം |
| 3 | 42201042 | 18.03.2023 | 31677 | PRF 5367/15.03.2023 | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ |

മരുന്നുകൾ ലഭ്യമാകുന്നമുറക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.12 തീ.13.11.2023)

## 1-27 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങി

പ്രൊജക്റ്റ് നം. 170/23 അതിദാരിദ്ര്യ നിർമ്മാർജ്ജനം മരുന്ന് വിതരണം
നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.

അടങ്കൽ തുക :50000/- ചെലവ്:50000/-
ഫണ്ടിനം: ഡവലപ്പ്മെന്റ് ഫണ്ട് ജനറൽ

ജൻ ഔഷധി, നീതി മെഡിക്കൽ സ്റ്റോർ എന്നിവിടങ്ങളിൽ നിന്നും താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.ആയതിന് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നോ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നോ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.
1.ജൻ ഔഷധി, മുല്ലശ്ശേരിയിൽ നിന്നും 6142 രൂപയുടെ മരുന്നുകൾ (ഇൻ വോയ്സ് നം. 12605/തീ.24.03.2023).
വൗച്ചർ നം. 42201056 തീ. 25.03.2023
2.നീതി മെഡിക്കൽ സ്റ്റോർ കുണ്ടുകാട് നിന്നും 43858 രൂപയുടെ മരുന്നുകൾ (ഇൻ വോയ്സ് നം.1897/തീ. 24.01.2023)
വൗച്ചർ നം.42200991 തീ. 21.02.2023
സാമ്പത്തിക വർഷാവസാനത്തിലെ തിരക്ക് മൂലമാണ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചതെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചിരിക്കുന്നത്. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീ.28.05.2022 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.12 തീ.13.11.2023)

## 1-28 ക്വട്ടേഷൻ നിലനിൽക്കെ കൂടിയ വിലക്ക് ലാബ് റീ ഏജന്റ് വാങ്ങി

പ്രൊജക്റ്റ് നം.16/23 ലാബിലേക്ക് ആവശ്യമായ റീ ഏജന്റ് സാധന സാമഗ്രികൾ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

അടങ്കൽ തുക :30000/- ചെലവ്:30000/-
ഫണ്ടിനം:മെയിന്റനൻസ് ഫണ്ട് നോൺറോഡ്

മേൽ പ്രൊജക്റ്റിന്റെ ഭാഗമായി 22.08.2022 ൽ നടന്ന ക്വട്ടേഷൻ പ്രകാരം ABC Diagonostics Pvt Ltd, Nagambadam, Kotayam, Bio Agencies Thalikkulam എന്നീ സ്ഥാപനങ്ങളിൽ നിന്നും ലാബിലേക്ക് ആവശ്യമായ റീ ഏജന്റ് സാധന സാമഗ്രികൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട് (തീരുമാനം നം.1(2) തീ.22.09.2022).മേൽ തീരുമാന പ്രകാരം Bio Agencies Thalikkulam എന്ന സ്ഥാപനത്തിൽ നിന്നും M30 Dilunt 2800 രൂപക്ക് ലഭ്യമാകേണ്ടതാണ്. എന്നാൽ M30 Dilunt 5000രൂപക്ക് (4464.29+GSt 267.86) Panikkassery Agencies എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. (Invoice No.0234 Dt.27.04.2022,വിതരണ തീയതി.21.11.2022) (വൗച്ചർ നം.42200860 തീ.29.08.2022). ക്വട്ടേഷൻ നിലനിൽക്കെ മറ്റൊരു സ്ഥാപനത്തിൽ നിന്നും കൂടിയ വിലക്ക് ഉപകരണം വാങ്ങിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീ.13.11.2023) മറുപടിയായി Mindray എന്ന കമ്പനിയുടെ ഒറിജിനൽ റീ ഏജന്റ് മാത്രമെ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നും Bio Agencies Thalikkulam എന്ന സ്ഥാപനം വിതരണം ചെയ്ത റീ ഏജന്റ് ഒറിജിനൽ ആയിരുന്നില്ല എന്നും ആയതിനാലാണ് Panikkassery Agencies എന്ന സ്ഥാപനത്തിൽ നിന്നും റീ ഏജന്റ് വാങ്ങിയത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. ഒറിജിനൽ റീ ഏജന്റ് ലഭ്യമാക്കാത്ത വിവരം ഭരണസമിതിയെ അറിയിക്കുകയോ Panikkassery Agencies എന്ന സ്ഥാപനത്തിൽ നിന്നും കൂടിയ വിലക്ക് റീ ഏജന്റ് വാങ്ങുന്നതിന് ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. മേൽ തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളുടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം, വാർഷിക കണക്കുകളുടെ ഓഡിറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-13/13-11-23 ന് മെഡിക്കൽ ഓഫീസർമാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | HMC സ്ഥാപിത മായ വർഷം | കേരള സംസ്ഥാന ഓഡിറ്റിനു സമർപ്പിച്ച (അവസാന വർഷത്തെ കണക്കുകൾ | 2022-23 വർഷത്തിലെ കണക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയ വിവരം | ഓഡിറ്റ് പൂർത്തിയാക്കിയ വർഷം |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2010 | 2022-23 | ലഭ്യമാക്കി | ലഭ്യമാക്കിയിട്ടില്ല |
| മെഡിക്കൽ ഓഫീസർ (CHC) | HMC രൂപീകരിച്ചിട്ടുണ്ട് . രേഖകൾ ലഭ്യമല്ല | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | HMC രൂപീകരിച്ചിട്ടില്ല | | | |

അന്തിക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിന്റെ ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക്നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| NA | NA | - | - | - | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | | 7794714 | 1119297 | 0 | 6675417 |

### 4-5 സ്ഥിരനിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 | |
| 2 | തൻ വർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 5000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | Thrissur Spinning Mills LTD No.ST 7 Certificate No.079/05.07.2001 | 5000 |

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

### 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 15994244 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35238481 |
| ആകെ | 51232725 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33487533 |
| നീക്കിയിരിപ്പ് | 17745192 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12000 |

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സം | നിർവ്വഹണോദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 12000 | ഷൈനി.പി.വി.ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈനി.പി.വി. ഹെഡ്മിസ്ട്രസ് | ഷൈനി.പി.വി. ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്, പുത്തൻപീടിക, അന്തിക്കാട് | തട്ടിൽ ഹൗസ്, പുത്തൻപീടിക 680642 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT15-1111/99 Dt. 27.11.99/09.12.99 | 1 | 7(എ)) | |
| 2 | 1999-00 To 2001-02 (ജനകീയാസൂത്രണം) | LFT11-1078/03 Dt. 06.02.04/22.05.04 | 2 | 14, 15 | 14 സമാഹ്യതം |
| 3 | 2002-03 (വരവ്-ചെലവ്) | LFT11-2188/2006 Dt. 08.02.07/06.10.07 | 5 | 3-8, 3-10(എ), 3-10ബി, 3-11, 3-13, 3-14 | |
| 4 | 2003-04 | LFT11-1877/08 Dt. 09.12.09 | 4 | 3-4,3-6, 3-8, 3-11 | |
| 5 | 2004-05 | LFT11-1878/08 Dt. 09.12.09 | 6 | 3-6, 3-8, 3-10, 3-14(3)(1), 3-14(3)(2), 3-15, 3-16(2) | |
| 6 | 2005-06 | LFT11-868/09 Dt. 13.08.10/04.03.11 | 1 | 3-7 | |
| 7 | 2006-07 | LFT11-869/09 Dt. 16.08.10/04.03.11 | 3 | 2-2(i)(ii), 3-5(2)(a), 3-6 | 3-6 സമാഹ്യതം |
| 8 | 2007-08 | LFTP8-317/11 Dt. 29.09.11/04.01.12 | 7 | 3-2, 3-8(1), 3-9(1), 3-11, 3-13, 3-14, 3-15 (4,5,6,7,8,9) | |
| 9 | 2008-09 | LFTP8-317(എ))/11 Dt. 10.10.11/04.01.12 | 3 | 3-11, 3-12, 3-14 | |
| 10 | 2009-10 | LFTP2-693/12 Dt. 27.09.12/02.03.13 | 3 | 3-8(i)(ii)(iii)(iv)(v)(vi)(viii), 3-13, 3-17 | |
| 11 | 2010-11 | LFTP2-694/12 Dt. 27.09.12/02.03.13 | 4 | 3-5, 3-6, 3-7, 3-9 | |
| 12 | 2011-12 | LFTP2-701/2013 Dt. 31.07.13/05.10.03 | 11 | 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-16 | |
| 13 | 2012-13 | LFTP2-2173/13 Dt. 11.02.14 | 1 | 3-10 | |
| 14 | 2013-14 | KSATSR-P2-1687/15 | 2 | 3-3, 3-11 | |

| | | | | | |
|---|---|---|---|---|---|
| | | Dt. 23.12.15/08.02.16 | | | |
| 15 | 2014-15 | KSATSR-P2-1038/16 Dt. 28.06.16 | 2 | 2-3, 3-2, | 2-3 സമാഹൃതം |
| 16 | 2015-16 | KSATSR-P2-2204/16 Dt. 11.01.17 | 2 | 3-4, 3-7 | |
| 17 | 2016-17 | KSATSR-P2-1574/17 Dt. 14.11.17/28.11.17 | 5 | 2-1(2), 2-6, 3-1(2), 3-5, 3-10 | |
| 18 | 2017-18 | KSATSR-P2-355/19 Dt. 17.05.19 | 8 | 1-12, 2-1(4)എ), 2-4, 3-3(2,3), 3-8, 3-10(II, III), 3-14(1), 3-15 | |
| 19 | 2018-19 | KSATSR-P2-195/20 Dt. 12.03.20 | 7 | 1-9(1), 1-13(3,4,5), 1-15, 1-18, 1-22, 1-24(1,2), 1-25 | |
| 20 | 2019-20 | KSATSR-P2-1003/2022 Dt. 02/07/2022 | 4 | 1-9,1-10, 1-12,1-16 | |
| 21 | 2020-21 | KSATSR-P2-1004/2022 Dt. 02/07/2022 | 5 | 1-10,1-12,1-14,1-15,1-16 | |
| 22 | 2021-22 | KSATSR-P2-247/2023 Dt. 12/04/2023 | 32 | 1-1 മുതൽ 1-32 വരേ | |
| | **ആകെ** | | **118** | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 22-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Anthikkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Anthikkad Grama Panchayat for the year 2022-2023

**Date: 19/12/2023** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Anthikkad Grama Panchayat for the Year 2022-2023.**

## 1.Major Observations

1.Block share received is not included in Income &Expenditure statement
An amount of Rs.100000/- which is received as blockshare and payment is made directly to beneficiares is not included in Annual financial statement.
2.Funds utilised for creating assets is not recorded in capital contribution head.

| Sl.no. | Project No./Name | Voucher No./Date | Amount | Account head Recorded | Account head to be Recorded | Fund |
|---|---|---|---|---|---|---|
| 1 | 44/23- CONSTRUCTION OF RAIN WATER DRAIN AT AAL KADAR ROAD | **42200858/ 12.09.2022** | 1166535 | 251130902 Liquid Waste Management - Collection and Transportation | 312000000- Reserves | Development Fund - Central Finance Commission Grant - Performance Grant |
| 2 | 80 /23 CONSTRUCTION OF RAIN WATER DITCH AT HOSPITAL ROAD WARD 3 | **422001059/ 26.03.2023** | 366999 | 251130902 Liquid Waste Management - Collection and Transportation | 312000000- Reserves | Development Fund - Central Finance Commission Grant - Performance Grant |

## 2.Other Observations

a.Comments relating to Balance Sheet
1.Specific liability head is not seen in B4 schedule for the following bank account in B17

| Sl.No. | Head | Bank Account | Amount |
|---|---|---|---|
| 1 | 450210102 | Anthikkad service co-operative Bank-818 0001101000061 | 232827 |

2.Grant amount shown as liability in Balance sheet does not match with bank account opened for the specific grant account

| Balance sheet Schedule B -4 | | | | Balance sheet Schedule B -17 | | |
|---|---|---|---|---|---|---|
| Sl.no | Head | Item | Amount | Head | Bank Account | Amount |
| 1 | 320300103 | Total Sanitation | 1718017 | 450210101 | Kerala Gramin Bank 40320100101893 | 3283453 |
| | 320100198 | Grant from Suchitwa mission | 278484 | | | |
| | 320100196 | ICDS | 578993 | | | |
| | | Total | 2575494 | | | |
| 3 | 320200104 | CFC Basic grant | 1151028 | 450210101 | Kerala Gramin | 3655291 |

| | | | | | | |
|---|---|---|---|---|---|---|
| | 320200113 | CFC Tied grant | 2554825 | | Bank 40320101043534 | |
| | | Total | 3705853 | | | |

b.Comments relating to Bank Reconciliation Statement

Directly credited to bank -amount not taken into account (for the following bank account)

| Account No./Bank | Date | Amount |
|---|---|---|
| DISTRICT COOPERATIVE BANK , ANTHIKAD( 146212801000648 ) | 31.03.2023 | 1200 |
| | 31.12.2022 | 10000 |
| | Total | **11200** |
| State Bank of India Kanjani Town( 37197693472 ) | 24.02.2021 | 286 |
| | 18.03.2021 | 1938 |
| | Total | **2224** |

c.Comments relating to Cashflow statement

Cash Flow statement -Net increase/decrease in cash flow (157569/-) does not match with difference between opening balance and closing balance of cash and cash equivalents (1750948/-)

d. Comments relating to Demand, Collection and Balance Register

1. DCB Statement of Property Tax (Both Residential and Non-residential) does not match with accounts.

**.**Current year -Residential

| | Collection |
|---|---|
| As per Register | 2386097 |
| As per AFS | 2378548 |

**.**Current Year- Non Residential

| | Collection |
|---|---|
| As per Register | 1185264 |
| As per AFS | 1185019 |

e.Amount given to Implementing officers as advance is booked in expenditure head instead of Advance to implementing officer head before getting utilisation certificate

| Project No. | Name | Head | Amount |
|---|---|---|---|
| 10/23 | Palliative care | 251110501 | 150000 |
| 10/23 | Palliative care | 25111501 | 199999 |
| 10/23 | Palliative care | 25111501 | 31677 |

f.Comments relating to Ratios

1. Key ratios are not included as part of Annual Financial statement.

g. Comments relating to Notes to Accounts

Nil

h. Comments relating to Receipt Vouchers

Nil

i. Comments relating to Payment Vouchers

Nil

j. Comments relating to Journal Vouchers

1. Lapses in making timely and accurate demand entries in respect of accural based income items.
2. Authentic certified vouchers and worksheets are not maintained for journal vouchers.

k. Comments relating to Contra Vouchers

Nil

l. Comments relating to Asset Register

1.Asset register is not updated and is not reliable for audit.

m. comments relating to Inventory and other registers

1.The following demand registers are not periodically reconciled with ledgers

- Profession tax demand register (Employees)
- Profession tax demand register (Institution)
- FACTEOS Licence register
- Paramedical Institution Register
- Building Permit register

- Library Receipt Register

n.Comments relating to Depreciation

1.Work sheets are not maintained

2.Value of accumulated depreciation for fixed asset isRs.992401 while value of fixed asset is Rs.309025/-

**DEPUTY DIRECTOR,**

**DISTRICT AUDIT OFFICE,**
**THRISSUR**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## വാർഷികകണക്കുകളുടെ സംക്ഷിപ്തം

**Anthikkad Grama Panchayat**
**BALANCE SHEET**

For the period from 01-April-2022 to 31-March-2023

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -8035891.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 59947025.00 |
| | **Total Reserve & Surplus** | | **51911134.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8500216.00 |
| | **Total Grants, Contributions for Specific Purposes** | | **8500216.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 6675417.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **6675417.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 215863.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2827105.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3042968.00** |
| | **TOTAL LIABILITIES** | | **70129735.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 309025.00 |
| 412000000 | Capital Work in Progress | B-11(b) | 1168038.00 |
| 413000000 | Annual Plan - Capital Expenses (Productive Sector) | B11-(c) | 1085005.00 |
| 414000000 | Annual Plan - Capital Expenses (Service Sector) | B11-(d) | 6014283.00 |
| 415000000 | Annual Plan - Capital Expenses (Infrastructure Sector) | B11-(e) | 81598747.00 |
| 416000000 | Accumulated Depreciation | B-11(a) | -44752850.00 |
| | **Total Fixed Assets** | | **45632240.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5000.00 |

Page No : 1

eputy Director
District Audit Office
Thrissur

## Anthikkad Grama Panchayat

## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5485862.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 2052975.00 |
| 150000000 | Sale & Hire Charges | I-5 | 287553.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 110884285.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 202221.00 |
| 180000000 | Other Income | I-9 | 51485.00 |
| 190000000 | Prior Period Income | I-19 | -6648.00 |
| | **Total Income** | | **118874891.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12175529.00 |
| 220000000 | Administrative Expenses | I-11 | 1682061.00 |
| 230000000 | Operations & Maintenance | I-12 | 1846681.00 |
| 240000000 | Interest & Finance Charges | I-13 | 59812.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5456864.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 22526940.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5293588.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Divisions | I-14(C) | 0.0 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 43638289.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 22349186.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

Page No : 1

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 9020650.00 |
| | **Total Expenditure** | | **124870422.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5896031.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5902677.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-6646.00** |

**Anthikkad Grama Panchayat**

**RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 15838959.00 |
| Cash | Cash | RP-40(a) | 35285.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1253358.00 |
| 140000000 | Fees & User Charges | RP-6 | 1081075.00 |
| 150000000 | Sale & Hire Charges | RP-5 | 287553.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10737080.00 |
| 170000000 | Interest Earned | RP-9 | 202221.00 |
| 220000000 | Administrative Expenses | RP-13 | 121564.00 |
| 230000000 | Operations & Maintenance | RP-14 | 734365.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12855050.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7061275.00 |
| 460000000 | Loans, Advances and Deposits | RP-40 | 404563.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 51495.00 |
| 340000000 | Deposits Received | RP-33 | 111596.00 |
| 350000000 | Other Liabilities | RP-35 | 416706.00 |
| | **Grand total** | | **51232725.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 36136.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2440782.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3939542.00 |
| 460000000 | Loans, Advances and Deposits | RP-40 | 2398223.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 50877.00 |
| 350000000 | Other Liabilities | RP-35 | 24024073.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17737982.00 |
| Cash | Cash | RP-40(b) | 7280.00 |

Page No : 1

| | | |
|---|---|---|
| | Grand Total | 51232725.80 |



Deputy Director
District Audit Office
Thrissur